# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3192** **19.06.2019 ൽ മറുപടിയ്ക്ക്**

**ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ഉത്സവ സീസണുകളിൽ പച്ചക്കറിയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഈ പദ്ധതിയിൽ മികച്ച പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ഉണ്ട്.<br>ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>& ബി)<br>1. ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ., കുടുംബശ്രീ തുടങ്ങിയ ഏജൻസികൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.<br>2. സ്കൂൾ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തോടുകൂടി തന്നെ പച്ചക്കറിവിത്തുകളും, പച്ചക്കറിതൈകളും വിതരണം ചെയ്യുന്നതാണ്. സ്കൂൾ മേധാവിയുമായി ആലോചിച്ച് സ്കൂൾ അസംബ്ലിയിൽ പച്ചക്കറി കൃഷിയെ സംബന്ധിച്ച വിവരങ്ങൾ കുട്ടികൾക്ക് നൽകുന്നു.<br>3. ഓരോ പഞ്ചായത്തിലും വാർഡു തല ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിപുലമായ യോഗങ്ങൾ വിളിച്ച് ചേർത്ത് പദ്ധതിയുടെ പ്രചരണം വിത്തു വിതരണ പരിപാടികൾ, വിത്തു നടീൽ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിച്ച് വരുന്നു.<br>4. വാർഡുതലത്തിൽ പരിശീലനം ഉൾപ്പെടെയുള്ള കാമ്പയിനുകൾ നടത്തി പരിപാടിയ്ക്ക് പ്രചരണം നൽകി വിത്തു വിതരണം നടത്തുന്നതാണ്.<br>5. ജില്ലാ തലത്തിലും പഞ്ചായത്തു തലത്തിലും വിത്തു വിതരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്തിവരുന്നു.<br>6. കർഷകർക്ക് വിതരണത്തിനുള്ള |

ലഘുലേഖകൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി നൽകി വരുന്നുണ്ട്.

7. വിത്ത്, നടീൽ, പരിചരണം എന്നിവ ഉറപ്പാക്കാൻ വാർഡുമെമ്പർ ചെയർമാനായും, കൃഷി അസിസ്റ്റന്റ് കൺവീനറായും ബന്ധപ്പെട്ട വികസന സമിതി അംഗങ്ങൾ, കുടുംബശ്രീ (എഡിഎസ്), വാർഡിലെ പച്ചക്കറി ക്ലസ്റ്റർ കൺവീനർ, പരിചയ സമ്പത്തുള്ള പച്ചക്കറി കർഷകർ എന്നിവരടങ്ങിയ വാർഡ് തല നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| സി) | ഇതിൽ എത്ര കുടുംബങ്ങളെയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും പദ്ധതിയ്ക്കായി ഗുണമേന്മയുള്ള വിത്തുകളും പച്ചക്കറിതൈകളും സൗജന്യമായി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | സി) | സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെയാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി സംസ്ഥാനത്തെ ഡിപ്പാർട്ട്മെന്റ് ഫാമുകൾ, അഗ്രോ സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ, മറ്റ് അംഗീകൃത ഏജൻസികൾ എന്നിവ വഴിയാണ് കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകളും പച്ചക്കറിതൈകളും സൗജന്യമായി ലഭ്യമാക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതിയിൽ വിദ്യാർത്ഥികളേയും താത്പര്യമുള്ള സന്നദ്ധ സംഘടനകളേയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | ഓണത്തിനു ഒരു മുറം പച്ചക്കറി പദ്ധതി സ്കൂൾ വിദ്യാർത്ഥികളെയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കി കൊണ്ടാണ് നടപ്പിലാക്കി വരുന്നത്.<br>സംസ്ഥാനത്ത് സ്കൂൾ കുട്ടികളെക്കൂടി ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതി വഴി വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിനും വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്ന് ഹരിത ക്ലബ്ബ് രൂപീകരിക്കുന്നു. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുകയും ചെയ്യുന്നു. കൂടാതെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി വിദ്യാർത്ഥികൾക്ക് നൽകി വരുന്നു. ഇതിലൂടെ സ്കൂൾ വളപ്പിലും, വിദ്യാർത്ഥികളുടെ വീട്ടുവളപ്പിലും പച്ചക്കറി കൃഷി ചെയ്യുന്നതിനായി എല്ലാവിധ പ്രോത്സാഹനവും നൽകുന്നതിനുപരി വിഷരഹിത പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ഉല്പാദിപ്പിക്കുന്നതിനും സാധിക്കുന്നു.<br>പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന |

ഉദ്ദേശത്തോടെ സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഓണത്തിന് ഒരു മുറം പച്ചക്കറി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം പച്ചക്കറി വിത്ത് പാക്കറ്റുകൾ, തൈകൾ, ഗ്രോബാഗ് യൂണിറ്റുകൾ എന്നിവ നല്കി വരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഓണത്തിന് ഒരു മുറം പദ്ധതിയിൽ പച്ചക്കറി കൃഷിയ്ക്ക് ജൈവ കൃഷി രീതികൾക്ക് പ്രാധാന്യം നല്കുന്നതിലൂടെ ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുകയും, അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള പച്ചക്കറികളുടെ ഇറക്കുമതി തോത് കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**